# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3611 15.05.2017 ലെ മറുപടിയ്ക്ക്**

**ഡോ:കെ.എസ്.സിസ്ധുവിന് സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) എറണാകുളം മഹാരാജാസ് കോളേജ് അസ്സിസ്റ്റന്റ് പ്രൊഫസറും വിധവയുമായ ഡോ:കെ.എസ്.സിസ്ധുവിന് 30.12.16-ലെ സർക്കാർ ഉത്തരവ് 1774/2016/PWD പ്രകാരം അനുവദിച്ച് ക്വാർട്ടേഴ്സ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br>(ബി) ഒഴിവുള്ള ക്വാർട്ടേഴ്സ് ഉണ്ടായിട്ടും വിധവയായ ഡോ:കെ.എസ്. സിസ്ധുവിന് ക്വാർട്ടേഴ്സ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br>(സി) ഇനി എപ്പോൾ ഡോ: കെ.എസ്.സിസ്ധുവിന് സർക്കാർ ക്വാർട്ടേഴ്സ് ലഭ്യമാക്കുമെന്ന് വിശദീകരിക്കുമോ? | (എ),<br>(ബി)<br>&<br>(സി) | 30.12.2016 ലെ സ.ഉ.(സാധാ)നം. 1774/16/പൊമവ. പ്രകാരം എറണാകുളം മഹാരാജാസ് കോളേജിലെ സംഗീത വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.കെ.എസ്.സിസ്ധുവിന് എറണാകുളം കാക്കനാടുള്ള ക്വാർട്ടർ നം4(എ)3/16 അനുവദിച്ചുത്തരവായിരുന്നു. എന്നാൽ ടി ക്വാർട്ടേഴ്സ്, മേൽ പരാമർശിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപു തന്നെ എറണാകുളം ജില്ലാ സപ്ലൈ ഓഫീസർക്ക് അനുവദിക്കുവാനുള്ള് നടപടികൾ എറണാകുളം കളക്ടറേറ്റിൽ സ്വീകരിച്ചിരുന്നതിനാലാണ് ഡോ. കെ.എസ്.സിസ്ധുവിന് ക്വാർട്ടേഴ്സ് അനുവദിക്കാൻ സാധിക്കാതിരുന്നത്. ഒഴിവുള്ള സമാന ടൈപ്പിലുള്ള 4(എ)2/11 നമ്പർ ക്വാർട്ടേഴ്സ് കണ്ടെത്തുകയും ടി ക്വാർട്ടേഴ്സ് ഡോ.കെ.എസ്.സിസ്ധുവിന് 06.05.2017 ലെ എറണാകുളം ജില്ലാകളക്ടറുടെ എ3-280/17 നമ്പർ നടപടിക്രമ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |

Gmaden

**സെക്ഷൻ ഓഫീസർ**